സി.വി.യുടെ ചന്ത്രക്കാറൻ: ഒരു കഥാപാത്രപഠനം

ആമുഖം

തിരുവിതാംകൂറിന്റെ ചരിത്രവും രാഷ്ട്രീയവും പ്രമേയമാക്കി ചരിത്രാഖ്യായികകളെഴുതിയ സി.വി. രാമൻപിള്ള അവതരിപ്പിച്ച പ്രസിദ്ധമായൊരു കഥാപാത്രമാണ് ചന്ത്രക്കാറൻ. രാജാധികാരത്തിന്നും ഭരണവ്യവസ്ഥിതിയുടെ സുഗമമായ നടത്തിപ്പിന്നും തടസ്സങ്ങൾ സൃഷ്ടിക്കുകയും, രാജ്യത്തിന്നകത്തും പുറത്തും ഉപജാപകപ്രവർത്തനങ്ങൾ നടത്തി അധികാരം പിടിച്ചടക്കാനും പ്രതികാരനിർവ്വഹണം നടത്താനും ശ്രമിക്കുകയും ചെയ്യുന്ന പ്രതിനായകകഥാപാത്രമായിട്ടാണ് ചന്ത്രക്കാറനെ സൃഷ്ടിച്ചിരിക്കുന്നത്. യഥാർത്ഥത്തിൽ ഈ കഥാപാത്രത്തെയവതരിപ്പിക്കുന്നത് 'ധർമ്മരാജാ'യുടെ രണ്ടാം അദ്ധ്യായത്തിലാണ്. എന്നാൽ, 'മാർത്താണ്ഡവർമ്മ'യുടെ പതിനൊന്നാം അദ്ധ്യായത്തിൽ രാമനാമഠത്തിൽപ്പിള്ളയുടെ മകനായ ചന്ത്രക്കാറനെക്കുറിച്ച് ആനുഷംഗികപരാമർശമുണ്ട്. 'ധർമ്മരാജാ'യിൽ, അവസാനരംഗത്ത് ഒടുവിൽ ഇരുളിലേക്ക് മറയുന്ന ചന്ത്രക്കാറൻ 'രാമരാജാബഹദൂറി'ൽ കാളിപ്രഭാവഭട്ടനായും മാണിക്യ ഗൗണ്ഡനായും പകർന്നാടുന്നു.

ഒരു ഇതിഹാസകഥാപാത്രത്തിന്റെ മാനമുൾക്കൊള്ളുന്ന കഥാപാത്രമാണ് ചന്ത്രക്കാറൻ. ചരിത്രത്തിൽ കൃത്യമായ ഉത്തരമില്ലാത്ത ചോദ്യങ്ങളെ ഭാവനകൊണ്ട് പൂരിപ്പിക്കുകയാണ് സി.വി. ചെയ്യുന്നത്. ചന്ത്രക്കാറനെക്കുറിച്ച് ചരിത്രത്തിൽ പരാമർശമൊന്നുമില്ല. രാമനാമഠത്തിന്ന് ഭാര്യയും കുട്ടികളും ഉണ്ടായിരുന്നോ എന്ന ചോദ്യത്തെ ഒരു സാധ്യതയാക്കി നിറുത്തിക്കൊണ്ട് ചന്ത്രക്കാ

റനെ ഇതിഹാസകഥാപാത്രച്ഛായ നൽകി അവതരിപ്പിക്കുവാനാണ് സി.വി. തന്റെ കല്പനാശക്തി ഏറെ വിനിയോഗിച്ചിരിക്കുന്നത്.

വിഷയസമീപനം

ചന്ത്രക്കാറൻ എന്ന കഥാപാത്രത്തെ, ഴാക്ക് ലക്കാൻ ആവിഷ്കരിച്ച, മനോവിജ്ഞാനീയസിദ്ധാന്തത്തിന്റെ പശ്ചാത്തലത്തിൽ, വിശകലനത്തിന്റെയും അപഗ്രഥനത്തിന്റെയും രീതിയുപയോഗിച്ച്, പഠിക്കുവാനുള്ള ശ്രമമാണ് "സി. വി.യുടെ ചന്ത്രക്കാറൻ ഒരു കഥാപാത്രപഠനം" എന്ന ഗവേഷണപ്രബന്ധം. സി.വിയെക്കുറിച്ചും സി.വിയുടെ നോവലുകളെക്കുറിച്ചും ഏറെ പഠനങ്ങൾ നടന്നിട്ടുണ്ടെങ്കിലും ഏകകഥാപാത്രനിഷ്ഠമായ ഗവേഷണങ്ങളൊന്നും തന്നെയുണ്ടായിട്ടില്ല. സി.വിയുടെ ഇച്ഛകളും സ്വത്വസവിശേഷതകളും അബോധതലത്തിൽ പ്രവർത്തിക്കുന്ന ഒരു കഥാപാത്രമായി ചന്ത്രക്കാറനെ കണ്ടെത്താനുള്ള അന്വേഷണമെന്ന നിലയിൽ ചന്ത്രക്കാറനെക്കുറിച്ചുള്ള പഠനത്തിന് ചരിത്രപരമായ പ്രാധാന്യവും കൈവരുന്നു.

അധ്യായവിഭജനം

പ്രബന്ധഗാത്രത്തെ താഴെപ്പറയുന്ന ആറധ്യായങ്ങളായിത്തിരിച്ചിരിക്കുന്നു.

1. നോവലും കഥാപാത്രസ്വഭാവചിത്രീകരണവും
2. സി.വിയുടെ ചന്ത്രക്കാറൻ – ചരിത്രത്തിന്റെ പാഠപരത
3. ചന്ത്രക്കാറൻ – അധികാരവും രാഷ്ട്രീയവും
4. ചന്ത്രക്കാറന്റെ ഭാഷ – സാമൂഹികപ്രാധാന്യം
5. ചന്ത്രക്കാറന്റെ മനസ്സ് – വ്യക്തിയും സമൂഹവും
6. ഉപസംഹാരം

ചന്ത്രക്കാറനെക്കുറിച്ചുള്ള അന്വേഷണങ്ങൾ ചെന്നെത്തുന്ന കേന്ദ്രബിന്ദുവായി വർത്തിക്കുന്നത് അയാളുടെ ഇച്ഛകളാണ്. ഈപ്സിതവസ്തുവിനെ എങ്ങനെയും കൈക്കലാക്കുവാനുള്ള താത്പര്യത്തിന്ന് കീഴടങ്ങുന്ന ഒരു ഇച്ഛാജീവിയാണ് ചന്ത്രക്കാറൻ. ഇച്ഛകൾ സാധിച്ച് ഭാവമൂർച്ഛ നേടുവാൻ അയാൾക്ക് സാധിക്കാതെ പോകുന്നു. അയാളുടെ ചോദനകൾ പരിശോധിച്ച് മാനസിക സംഘർഷങ്ങളെ നിർണ്ണയിക്കുന്നതാണ് ഈ പ്രബന്ധം. ഇച്ഛകളിലേക്ക് തുറക്കുന്ന ഭാഷണവും ഭാഷാസവിശേഷതകളും പരിശോധനയ്ക്ക് വിധേയമാകുന്നുണ്ട്. ചന്ത്രക്കാറനെ വരച്ചിടുവാൻ സി.വി. സ്വീകരിച്ച രൂപകാത്മകഭാഷയും പഠനവിധേയമാണിവിടെ. ചന്ത്രക്കാറന്റെ ഇച്ഛകളിലൂടെ സി.വി. എങ്ങനെ സ്വയം വെളിപ്പെടുത്തുന്നു എന്നതാണിതിലെ കണ്ടെത്തൽ. ഓരോ അധ്യായത്തിന്റെയും ഉള്ളടക്കവും സമീപനരീതിയും താഴെക്കാണുംവിധമാണ്.

നോവലും കഥാപാത്രസ്വഭാവചിത്രീകരണവും

ഈ അദ്ധ്യായത്തിൽ, സംസ്കാരത്തിന്റെ യുക്തിപരമായ സാഹിത്യ വാഹകമായി നോവലിനെ നിർവ്വചിക്കുകയും നോവലിൽ കഥാപാത്രത്തിന്നുള്ള പ്രാധാന്യം നിർണ്ണയിക്കുകയും ചെയ്തിരിക്കുന്നു. കഥാപാത്രത്തെ പഠിക്കുന്നതിന്ന് ലക്കാന്റെ മനോവിജ്ഞാനീയസിദ്ധാന്തം ആധാരമാക്കുന്നതിനാൽ അദ്ദേഹത്തിന്റെ പരികല്പനകൾ ഇവിടെ സവിസ്തരം പ്രതിപാദിക്കുന്നു. മനുഷ്യനെ 'ഇച്ഛാജീവി'യായിക്കണ്ട ലക്കാൻ, വ്യക്തിയും അപരവും തമ്മിലുള്ള സംഘട്ടനം ഇച്ഛയിലാണ് നടക്കുന്നതെന്ന് സമർത്ഥിച്ചു. അത് പിന്തുടർന്നുകൊണ്ട് ഒരു കഥാപാത്രത്തിന്റെ ഇച്ഛകളും സ്വത്വസവിശേഷതകളും എങ്ങനെ കണ്ടെത്താമെന്ന അന്വേഷണമാണ് ഈയധ്യായത്തിന്റെ ഉള്ളടക്കം.

സി.വി.യുടെ ചന്ത്രക്കാറൻ – ചരിത്രത്തിന്റെ പാഠപരത

ചന്ത്രക്കാറൻ എന്ന കഥാപാത്രത്തിന്റെ ആകൃതിയും പ്രകൃതിയും പാഠത്തിന്റെ പശ്ചാത്തലത്തിൽ പഠനവിധേയമാക്കുന്നു. നോവലിസ്റ്റ് ചന്ത്രക്കാറന്നു നേരിട്ടുനൽകുന്ന വിശേഷണങ്ങളും ഇതരകഥാപാത്രങ്ങളുടെ സാഹചര്യത്താൽ അയാൾക്കു വന്നുചേരുന്ന വിശേഷണങ്ങളും സൂക്ഷ്മമായിവിടെ വിലയിരുത്തുന്നു.

ചന്ത്രക്കാറൻ – അധികാരവും രാഷ്ട്രീയവും

ചന്ത്രക്കാറന്റെ ഇച്ഛകൾ വിശദമായി പരിശോധിച്ചശേഷം, അയാൾ ഉന്മാദിയായിത്തീർന്ന പശ്ചാത്തലത്തെ, സി.വിയുടെ ജീവിതപശ്ചാത്തലത്തിൽ നിന്നുകൊണ്ട് പുനരാലോചനയ്ക്ക് വിധേയമാക്കുന്നു. അധികാരവും രാഷ്ട്രീയവും ചന്ത്രക്കാറന്റെ സ്വത്വത്തിൽ ചെലുത്തുന്ന സ്വാധീനവും പഠനവിധേയമാക്കുന്നു.

ചന്ത്രക്കാറന്റെ ഭാഷ – സാമൂഹികപ്രാധാന്യം

ചന്ത്രക്കാറൻ ഉപയോഗിക്കുന്ന ബഹുസ്വരഘടനയുള്ള ഭാഷയെ സങ്കരഭാഷ, വിദൂഷകഭാഷ, അധികാരഭാഷ, സമൂഹഭാഷ, ആചാരഭാഷ, മാനകഭാഷ, വ്യക്തിഭാഷ എന്നിങ്ങനെ തരംതിരിച്ച് പഠിക്കുന്നു. ചന്ത്രക്കാറൻ ഉപയോഗിക്കുന്ന ശൈലികൾ, പ്രയോഗങ്ങൾ, ദേശ്യപദങ്ങൾ എന്നിവ കണ്ടെത്തുകയും ചെയ്യുന്നു.

ചന്ത്രക്കാറന്റെ മനസ്സ് – വ്യക്തിയും സമൂഹവും

ഈ അധ്യായം ചന്ത്രക്കാറന്റെ മനസ്സ് വായിക്കുവാനുള്ള ശ്രമമാണ്. അതിൽ സി.വി.യുടെ വ്യക്തിത്വം എങ്ങനെ കലർന്നിരിക്കുന്നുവെന്ന് രേഖപ്പെ

ടുത്തുന്നു. ഇരുട്ട്, ജലം, അഗ്നി, സൂര്യൻ, കടിസൂത്രം, പിശ്ശാത്തി, നിധി തുടങ്ങിയ ബിംബങ്ങൾ ആധാരമാക്കിയാണ് പഠനം.

ഉപസംഹാരം

ചന്ത്രക്കാറന്റെ ഭാഷ - ഭാഷണം - ഇച്ഛകൾ - കർമ്മങ്ങൾ - ധർമ്മാധർമ്മവിചാരങ്ങൾ എന്നിവ ആധാരമാക്കി നടത്തിയ പഠനത്തിൽനിന്ന് എത്തിച്ചേർന്ന നിഗമനങ്ങൾ താഴെ ക്രോഡീകരിക്കുന്നു -

നിഗമനങ്ങൾ

1. ബ്രിട്ടീഷ് ശക്തിയ്ക്ക് തിരുവിതാംകൂറിനെ അടിയറവു വയ്ക്കുന്ന രാജതീരുമാനത്തെ എതിർക്കുന്ന ചന്ത്രക്കാറൻ ഒരു പുതിയ 'ഉപദേശീയത' സ്ഥാപിക്കുവാനാണ് ആഗ്രഹിക്കുന്നത്. അതിൽ തന്റെ വംശത്തിന്നു നിഷേധിക്കപ്പെട്ട ഭരണപങ്കാളിത്തം തിരിച്ചുപിടിക്കുവാൻ ചന്ത്രക്കാറൻ ആഗ്രഹിച്ചു. അതാണ് ചന്ത്രക്കാറന്റെ ഇച്ഛയെ നിർണ്ണയിക്കുന്നത്. മലയാളി മെമ്മോറിയൽ വഴി സി.വി. ആഗ്രഹിച്ചതും അതായിരുന്നു.

2. സി.വി. രാമൻപിള്ളയ്ക്ക് തിരുവിതാംകൂറിലെ ഭരണത്തോടുണ്ടായിരുന്ന നിലപാടുകളെ സമർത്ഥിക്കുവാനുള്ള ഉപകരണമായിട്ടുകൂടിയാണ് ചന്ത്രക്കാറൻ എന്ന കഥാപാത്രത്തെ സൃഷ്ടിച്ചിരിക്കുന്നത്. രാജപക്ഷത്തിന്റെ സ്തുതിപാഠകനായിട്ടാണ് ചരിത്രം സി.വി.യെ വിലയിരുത്തിയിട്ടുള്ളത്. എഴുതപ്പെട്ട ചരിത്രത്തിൽനിന്നും ഭിന്നമായി ഭരണപോരായ്മകളെയും അനീതികളെയും തുറന്നുകാണിക്കുവാനുള്ള സി.വി.യുടെ പരിശ്രമഫലമാണ് ചന്ത്രക്കാറൻ എന്ന കഥാപാത്രസൃഷ്ടി.

3. ബഹുസ്വരഘടനയുള്ള ഭാഷയാണ് ചന്ത്രക്കാറൻ ഉപയോഗിക്കുന്നത്. ശുദ്ധമായ സംസ്കൃതപദങ്ങൾ, പ്രാകൃതസംസ്കൃതം, തമിഴ് - ഉറുദ് - പേർഷ്യൻ - ഹിന്ദി - അറബിഭാഷാപദങ്ങൾ എന്നിവ കലർന്ന ഒരുതരം സങ്കരഭാഷയാണ് ചന്ത്രക്കാറന്റെത്.

4. വിദൂഷകഭാഷയുടെ സ്വാതന്ത്ര്യവും ചലനാത്മകതയും ചന്ത്രക്കാറ ഭാഷയിലുമുണ്ട്. ദൈവത്തെപ്പോലും കളിയാക്കി ദൈവത്തിന്നൊപ്പം നില്ക്കുവാൻ ചന്ത്രക്കാറൻ ശ്രമിക്കുന്നത് ഈ സ്വാതന്ത്ര്യമെടുത്തു കൊണ്ടാണ്. ആത്മവിമർശനത്തിന്ന് ഉതകേണ്ട മുഹൂർത്തങ്ങളിലും വിദൂഷകഭാഷയാണ് അയാൾ ഉപയോഗിക്കുന്നത്. അത് ചോദനകളെ അമർത്തി സമനില വീണ്ടെടുക്കുവാൻ അയാളെ സഹായിക്കുന്നു. മാത്രമല്ല കൂടിയാട്ടത്തിലെ വിദൂഷകന്റെ ഭാഷയാണ് അയാൾ ഉപയോഗിക്കുന്നതും. കൂടിയാട്ടത്തിലെ വിദൂഷകന്റെ ആഹാര്യമോടിയും (കടിസൂത്രവും) ചന്ത്രക്കാറൻ മരണം വരെ കൊണ്ടുനടക്കുന്നുണ്ട്.

5. ഭാഷാനിയമങ്ങളുടെ നിയതലംഘനങ്ങളിലൂടെ പുതിയൊരു ഭാഷാന്തരീക്ഷം സൃഷ്ടിക്കുന്ന ചന്ത്രക്കാറൻ സ്വന്തം സ്ഥാനത്തിന്നനുസരിച്ച് അതിനെ സ്വാതന്ത്ര്യപൂർവ്വം ഉപയോഗിക്കുകയും ചെയ്യുന്നു. വീരത്വവും ആണ്മയും (പൗരുഷം) പ്രകടിപ്പിക്കേണ്ടി വരുന്ന സന്ദർഭങ്ങളിൽ ഭാഷയുടെ പ്രാകൃതീകരണവും ചന്ത്രക്കാറൻ നടത്തുന്നുണ്ട്. രൂപഭേദം വരുത്തിയ മുന്നൂറിലധികം പദങ്ങൾ ചന്ത്രക്കാറഭാഷണത്തിലുണ്ട്. ഈ ഭാഷാപ്രയോഗവൈചിത്ര്യമാണ് ചന്ത്രക്കാറനെ വ്യത്യസ്ത സമൂഹങ്ങളിലും സംസ്ക്കാരങ്ങളിലും സംവേദനീയനാക്കുന്നത്.

6. ചന്ത്രക്കാറന്റെ അബോധമനസ്സും ഭാഷയും പരസ്പരം ബന്ധപ്പെട്ടു നില്ക്കുന്നു. വ്യക്തിത്വവികാസപ്രക്രിയയിൽ അബോധമനസ്സിൽ രൂപം കൊള്ളുന്ന സാങ്കല്പികം, പ്രതീകാത്മകം, യഥാതഥം എന്നീ മൂന്നു തലങ്ങളും അനുക്രമമായി അയാളുടെ ഭാഷയിൽ പ്രതിഫലിക്കുന്നുണ്ട്. തന്റെ വംശവിച്ഛേദനാനുഭവങ്ങളും തജ്ജന്യമായ അരാജകത്വം നൽകിയ ബാല്യകാലതിക്താനുഭവങ്ങളും അതിൽ നിഴലിക്കുന്നുണ്ട്. ചന്ത്രക്കാറ ഭാഷയുടെ മാനസികതലം ബോധ്യമാകുന്നത് ഭാഷയുടെ പുരുഷരൂപത്തിലൂടെയും അതിന്റെ പേശീദാർഢ്യത്തിലൂടെയുമാണ്.

7. സ്ത്രീവിരുദ്ധമായ ചില നിലപാടുകൾ ചന്ത്രക്കാറന്റെ ഭാഷണത്തിലുണ്ട്. മകളോടും ഭാര്യയോടും ഇതരസ്ത്രീകളോടുമുള്ള നിലപാടുകളിൽനിന്നും അവരെക്കുറിച്ച് നടത്തുന്ന അഭിപ്രായപ്രകടനങ്ങളിൽനിന്നും ഇത് വ്യക്തമാകുന്നുണ്ട്.

8. 'വാമൊഴി'ഭാഷയുടെ സൗന്ദര്യമായ ഉക്തിവൈചിത്ര്യവും ചന്ത്രക്കാറന്റെ ഭാഷയിലുണ്ട്. ശബ്ദാർത്ഥങ്ങളുടെ വിലക്ഷണപ്രയോഗം, ചമത്ക്കാരം, ആഹ്ലാദകാരിത്വം എന്നിവ അതിന്റെ സവിശേഷതകളാണ്. മാനകഭാഷയുടെ വാക്യഘടന ഉല്ലംഘിക്കുന്ന പ്രയോഗങ്ങൾ, സമസ്തപദനിർമ്മാണശേഷിയുടെ സാധ്യതകൾ, അവ്യയശബ്ദങ്ങൾ, സമുച്ചയപ്രയോഗങ്ങൾ, ക്രിയാപദങ്ങളുടെ ബാഹുല്യം, എണ്ണമറ്റ ചോദ്യവാചികൾ, വ്യാക്ഷേപകങ്ങൾ, ഉദ്ദേശ്യവാചിപ്രത്യയങ്ങൾ, ലുപ്ത പ്രചാരങ്ങളായ പദങ്ങൾ, ഹ്രസ്വരൂപത്തിനു പകരമുള്ള ദീർഘരൂപ പ്രയോഗങ്ങൾ, തദ്ഭവശബ്ദങ്ങളുടെ സ്വീകരണം എന്നിവ ചന്ത്രക്കാറഭാഷയുടെ വ്യാകരണീയതയുമായി ബന്ധപ്പെട്ടു നിലകൊള്ളുന്നു.

9. ചന്ത്രക്കാറഭാഷയിൽ അധികാരത്തിന്റെയും നിഷേധത്തിന്റെയും സൂക്ഷ്മധ്വനികൾ ആന്തരശ്രുതിയായി വർത്തിക്കുന്നുണ്ട്. മത - അധികാര - കുടുംബചിഹ്നങ്ങൾ എതിർപ്പിന്റെയും പ്രതികാരത്തിന്റെയും പ്രതീകങ്ങളായി അയാളുടെ നിഷേധഭാഷയിലൂടെ പുനരവതരിക്കുന്നു.

10. മലയാളത്തിൽ വളരെക്കുറച്ചു മാത്രം ഉപയോഗിക്കുന്ന 'ത്ഥ' എന്ന താലവ്യഘോഷം ചന്ത്രക്കാറൻ ധാരാളമായി ഉപയോഗിക്കുന്നുണ്ട്. പരിഹാസത്തിന്നും ഭർത്സനത്തിന്നും ഉപയോഗിക്കുന്ന മിക്കപദങ്ങളിലും 'പ'കാരത്തിന്നു പകരം 'ഫ'കാരമാണ് അയാൾ പ്രയോഗിക്കുന്നത്. 'ഴ'കാര 'റ'കാരങ്ങളുടെയും 'ഹ'കാരത്തിന്റെയും ആവർത്തനം ചന്ത്രക്കാറനിലെ വീര്യമെടുത്തുകാട്ടുന്നു. പല സന്ദർഭങ്ങളിലും സ്വയംസൃഷ്ടപദങ്ങളിലൂടെ തന്റെ കാമനകൾക്കും കാഴ്ചപ്പാടുകൾക്കും കരുത്തേകുവാൻ ചന്ത്രക്കാറൻ ഈ രീതികൾ ഉപയോഗിക്കുന്നു. അതിഖര-ഘോഷവർണ്ണങ്ങളുടെയും കൂട്ടക്ഷരങ്ങളുടെയും പ്രചുരപ്രയോഗത്തിലൂടെയും ഇതരവർണ്ണങ്ങളുടെ ആവർത്തനത്തിലൂടെയും സ്വന്തം ഭാഷയിൽ ചന്ത്രക്കാറൻ സൃഷ്ടിക്കുന്ന സംഘർഷാത്മകതയും ചടുലതയും ഏറെ ശ്രദ്ധേയമാണ്.

11. വ്യക്തിസ്വഭാവങ്ങളുടെ സവിശേഷതകൾക്കനുസരിച്ച് സ്വന്തം ഭാഷയിൽ ഭാഷണവ്യതിയാനം വരുത്തുവാൻ ചന്ത്രക്കാറൻ ശ്രദ്ധിക്കുന്നു. വ്യംഗ്യ ഭൂയിഷ്ഠമായ വാച്യവും ബിംബനിർഭരതയും ചന്ത്രക്കാറഭാഷണത്തിന്റെ സവിശേഷതകളാണ്.

12. ചന്ത്രക്കാറന്റെ 'ഭാഷ' ഒരു ഗർഭിതഭാഷയാണ് (Impregnated language). അയാൾ സ്വയം പ്രതിനിധാനം ചെയ്യുന്ന യഥാർത്ഥലോകത്തെ അതിൽ കണ്ടെത്താം. അയാളുടെ അസ്തിത്വത്തിന്റെ യാഥാർത്ഥ്യങ്ങളെ ആ

'ഭാഷ' പ്രതിഫലിപ്പിക്കുന്നുണ്ട്. അത് സാഹചര്യങ്ങളുമായുള്ള അയാളുടെ ബന്ധത്തെ വെളിപ്പെടുത്തുന്നു. കേവലം യാദൃച്ഛികതയുടെ സൃഷ്ടിയല്ല ചന്ത്രക്കാറന്റെ 'ഭാഷ'. പരാമൃഷ്ടനോവലുകളിൽ അത് അനിവാര്യവും സ്വാഭാവികവുമായി മാറുന്നു. ഭാഷയിലൂടെ സ്വയം നിർവ്വചിക്കുന്നൊരു കഥാപാത്രമാണ് ചന്ത്രക്കാറൻ.

13. ചന്ത്രക്കാറനെ, മക്കത്തായികളായ വെള്ളാളരുടെ സമുദായത്തിലെ അംഗമായി കാണുന്നപക്ഷം അദ്ദേഹത്തിന്ന് മരുമകനോടുണ്ടായ പ്രേമം ആൺകോയ്മയുടെ പ്രതിഫലനമായി നിരീക്ഷിക്കാവുന്നതാണ്.

14. ചന്ത്രക്കാറന്റെ മാനസികഭാവങ്ങളെ പ്രോജ്ജ്വലിപ്പിക്കുന്നതിന്നായി ഇരുട്ട്, പ്രളയം, കടിസൂത്രം, പിശ്ശാത്തി, നീർനായ്, ചാമുണ്ഡിക്കാവ്, നിധി, കാളി എന്നീ ബിംബങ്ങളെ സി.വി. അവതരിപ്പിച്ചിട്ടുണ്ട്. ധർമ്മരാജായിൽ നിറഞ്ഞുനില്ക്കുന്നത് 'ഇരുട്ട്' എന്ന ബിംബമാണ്. ആ 'ബിംബ'വുമായി ഏറ്റവുമധികം ബന്ധപ്പെടുന്നത് ചന്ത്രക്കാറനാണ്. 'രാമരാജാബഹദൂറിൽ' ചന്ത്രക്കാറനുമായി ബന്ധപ്പെട്ടുവരുന്ന 'ബിംബം' പ്രളയമാണ്. ഇവിടെ 'പ്രളയം' ഇരുളിനെ സേവിച്ച ചന്ത്രക്കാറന്ന് പ്രകാശത്തിലേയ്ക്ക് പ്രവേശിക്കുവാനുള്ള ജ്ഞാനസ്നാനപ്രക്രിയയുടെ ഇടമായി മാറുന്നു.

15. അധീശപ്രത്യയശാസ്ത്രാധിഷ്ഠിതമായ കർതൃത്വബോധത്തെ നിരാകരിച്ചവനാണ് ചന്ത്രക്കാറൻ. തിരുവിതാംകൂറിന്റെ നിയമസംഹിതകളോട് നിസ്സഹകരണമനോഭാവം പുലർത്തിയാണ് തന്റേതായ പ്രത്യയശാസ്ത്രം അയാൾ രൂപീകരിക്കുന്നത്. മർദ്ദകസ്വഭാവമുള്ള സ്വേച്ഛാധിപത്യഭരണരീതിക്ക് എതിരെയുള്ള കലാപങ്ങളും ഇതിന്റെ നിർമ്മിതിക്കു കാരണമായി.

16. നിരക്ഷരനായ ചന്ത്രക്കാറൻ ദേശാന്തരപ്രാപണത്തിലൂടെ വിവിധ ഭാഷകൾ പഠിച്ചതും സംസ്കൃതചിത്തനായി മാറിയതും, കാര്യങ്ങൾ മനസ്സിലാക്കുവാനും അധികാരിവർഗ്ഗത്തിന്ന് മനസ്സിലാകുന്ന ഭാഷയിൽ പ്രതികരിക്കുവാനും സ്വയം ശക്തനാകുവാൻ വേണ്ടിയാണ്.

17. തിരുവിതാംകൂറിലെ ഭരണാധികാരികൾ നിയമം തെറ്റി നടക്കുന്നവർക്കും നിയമത്തെ ചോദ്യം ചെയ്യുന്നവർക്കുമുള്ള താക്കീതായി ചന്ത്രക്കാറനെ എടുത്തുകാട്ടുന്നു. അധികാരിവർഗ്ഗത്തിന്റെ നിയമസംഹിതകൾ വ്യക്തിയെ ഞരിക്കുമ്പോൾ അയാൾ ഏകാകിയായിത്തീരുകയും ഉൾവലിയുന്നതിന്ന് പ്രേരിപ്പിക്കപ്പെടുകയും ചെയ്യും. പലപ്പോഴും, ഇങ്ങനെ ഒറ്റപ്പെടുന്ന വ്യക്തികളിൽനിന്ന് സാമൂഹികത ചോർന്നുപോവുകയും അനാർദ്രവും നിഷ്കരുണവുമായ മനസ്സ് അവരെ കീഴടക്കുകയും ചെയ്യും. ദുഃസ്സഹമായ മനഃസംഘർഷമുളവാക്കുന്ന ഇത്തരം സാഹചര്യങ്ങളുടെ ഫലമായി, ചന്ത്രക്കാറനിൽ ചില ഉന്മാദചേഷ്ടകൾ പ്രത്യക്ഷപ്പെടുന്നുണ്ട്. ഈ ചേഷ്ടകളാകട്ടെ, സമൂഹത്തിൽ അയാളെ ഒറ്റപ്പെടുത്തുവാനുള്ള അമോഘമായ ഉപകരണമാക്കിമാറ്റുകയാണ് ഭരണാധികാരിവർഗ്ഗം.

18. തിരുവിതാംകൂറിന്റെ ചരിത്രത്തോടൊപ്പംതന്നെ ആ രാജ്യത്തിന്റെ അധികാരിവർഗ്ഗം പുറന്തള്ളിയവരുടെയും ചരിത്രം ചന്ത്രക്കാറനിലൂടെ സി.വി. ആവിഷ്ക്കരിക്കുന്നു. ചരിത്രപരമായ അറിവുകളാണ് ചന്ത്രക്കാറനിലൂടെ പ്രശ്നവത്ക്കരിക്കപ്പെടുന്നത്. അതുകൊണ്ട് ചന്ത്രക്കാറവായനയിലൂടെ സി.വിയുടെ നോവലുകൾ ചരിത്രനോവൽ (ഹിസ്റ്റോറിക്കൽ നോവൽ) എന്ന നിലയിൽനിന്ന് ചരിത്രവിജ്ഞാനീയപരമായ അതികഥാഖ്യാനം (ഹിസ്റ്റോറിയോഗ്രാഫിക് മെറ്റാഫിക്ഷൻ) എന്ന പദവിയിലേക്കുയരുന്നു. കൊളോണിയൽകാലത്തെ മുഖ്യധാരാചരിത്രകാര

ന്മാർ കൈവിട്ട തന്റെ നാടിന്റെ വംശീയചരിത്രം ചന്ത്രക്കാറസൃഷ്ടിയിലൂടെ പുനഃസൃഷ്ടിക്കുകയാണ് സി.വി.

19. ചന്ത്രക്കാറനെന്ന കഥാപാത്രം ഉയിരെടുക്കുന്നത് ചരിത്രസത്യങ്ങളിൽനിന്നല്ല; ചരിത്രസത്യാത്മകതകളിൽനിന്നാണ്. കാലം, ദേശം, ഭാഷ, വേഷം, രൂപം, അന്തരീക്ഷം, ചരിത്രപുരുഷന്മാരോടും സംഭവങ്ങളോടുമുള്ള ബന്ധം എന്നീ ചേരുവകളുടെ ജീവസ്സുറ്റൊരു മിശ്രിതമാണ് സി.വിയുടെ ചന്ത്രക്കാറനെന്ന കഥാപാത്രസൃഷ്ടിയ്ക്ക് സമവായികാരണമായത്. (ഈ കഥാപാത്രത്തിന്റെ സൃഷ്ടിക്കായി സി.വി. തിരഞ്ഞെടുത്ത മണ്ണ്).

20. ചന്ത്രക്കാറൻ സാഹചര്യങ്ങളുടെ സൃഷ്ടിയാണ്. അധഃസ്ഥിതഭാവങ്ങളെ മറികടക്കുന്നതിന്നും അനന്യത്വം സംസ്ഥാപിതമാക്കുന്നതിന്നും വേണ്ടി അയാൾ നടത്തുന്ന ശ്രമങ്ങളിൽ അയാളുടെ ഭൂതകാലാനുഭവങ്ങൾ നിർണ്ണായകമായ പങ്ക് വഹിക്കുന്നുണ്ട്.

21. അധികാരവും അതിന്നെതിരായ പ്രക്ഷോഭങ്ങളും രാഷ്ട്രീയ-സാമ്പത്തിക മണ്ഡലങ്ങളിലെ അടിച്ചമർത്തൽകൊണ്ടു മാത്രമല്ല സംഭവിക്കുന്നത്, സാംസ്കാരികമണ്ഡലത്തിലെ ഒഴിവാക്കൽ കൊണ്ടുകൂടിയാണ്. ചന്ത്രക്കാറൻ തിരുവിതാംകൂറിന്റെ സാമ്പത്തിക സാംസ്കാരികമണ്ഡലങ്ങളിൽനിന്ന് ഒഴിവാക്കപ്പെട്ടവനാണ്. നിലവിലുള്ള വ്യവസ്ഥിതിക്കെതിരായി പ്രതിസംസ്ക്കാരപ്രസ്ഥാനങ്ങൾ പ്രതിഷേധം പ്രകടിപ്പിക്കുന്നത് വർഗ്ഗചൂഷണത്തിന്റെ തന്ത്രങ്ങളുപയോഗിച്ചുകൊണ്ടല്ല, മറിച്ച് ഭരണാധികാരിവർഗ്ഗത്തിന്റെ സാംസ്ക്കാരികമേൽക്കോയ്മയെയും ഉദ്യോഗസ്ഥവൃന്ദവും സൈനികമേധാവിത്വവും രൂപംനല്കിയ മൂല്യങ്ങളെയും വെല്ലുവിളിച്ചുകൊണ്ടാണ്. ഇത്തരം ശ്രമങ്ങളാണ് ചന്ത്രക്കാറന്റെ ക്രിയകളിലുള്ളത്.

22. ചന്ത്രക്കാറന്റെ ജീവിതത്തിൽ വികർഷണപ്രതികരണങ്ങളാണ് കൂടുതലും ഉണ്ടായിട്ടുള്ളത്. വിപരീത സാഹചര്യങ്ങളിൽ വികർഷണങ്ങളോടു മല്ലിട്ടു ജീവിച്ച്, മനസ്സിൽ ആകുലത വളർന്ന്, രോഗഗ്രസ്തമായ വ്യക്തിത്വത്തെ കൊണ്ടുനടക്കുവാൻ അയാൾ നിർബന്ധിക്കപ്പെടുകയാണ്. സ്വന്തം അസ്തിത്വത്തിന്റെ സ്വഭാവം നിർണ്ണയിക്കുന്ന തിരഞ്ഞെടുപ്പുകളാൽ ചന്ത്രക്കാറന്റെ മനസ്സ് പലപ്പോഴും സംഘർഷഭരിതമാകുന്നു. ഈ തിരഞ്ഞെടുപ്പുകൾ സൃഷ്ടിക്കുന്ന മാനസികാസ്വസ്ഥതയും പിരിമുറുക്കവും അയാളെ ഉന്മാദത്തിന്ന് തുല്യമായ ഒരവസ്ഥയിലെത്തിക്കുന്നു.

23. ചന്ത്രക്കാറനെ ബാധിച്ച സന്നിപാതജ്വരം അയാൾ അനുഭവിച്ച മനഃസംഘർഷവുമായി കൂട്ടിവായിക്കാം. വികാരവിചാരങ്ങൾ സ്വേച്ഛയാ പ്രകാശിപ്പിക്കുവാനാകാതെവരുന്ന സന്ദർഭങ്ങളിൽ, അനുഭവപ്പെടുന്ന ആത്മസംഘർഷത്തെ 'ഉന്മാദം' എന്നു വിളിക്കാം. സി.വി.യും ഇത്തരം ഉന്മാദത്തിന്ന് ഇരയായിരുന്നു.

ഇച്ഛകൾ ജന്മവാസനാപരമായി ഉള്ളിൽനിന്നു ജനിക്കുന്നവയല്ല. ഇച്ഛാപരമ്പരയെ, ലക്കാൻ അപരം എന്നു വിളിക്കുന്നു. അപരത്തിന്റെ ആഗ്രഹമാണ് ഇച്ഛകൾ. ചന്ത്രക്കാറൻ, സി.വിയുടെ 'അപര'മായി മാറുന്നു. സി.വിയുടെ പ്രക്ഷോഭകരമായ മാനസികാവസ്ഥയിൽനിന്നാണ് ഈ കഥാപാത്രത്തിന്റെ പിറവി. വേഷപ്പകർച്ചയിലൂടെയുള്ള ദേശാന്തരഗമനവും വൈദേശികാധിപത്യത്തോടുള്ള എതിർപ്പും സന്നിപാതജ്വരവും ഭരണാധികാരിവർഗ്ഗത്തിന്റെ കൊള്ളരുതായ്മകളെ ചോദ്യം ചെയ്യാനുള്ള തന്റേടവും ആൺകോയ്മയിലൂന്നിയ നിലപാടുകളും ഈ സാധ്യതകളിലേയ്ക്കാണ് വിരൽചൂണ്ടുന്നത്. പറയപ്പെടാതെപോയ ചരിത്രവും സി.വി. യഥാർത്ഥത്തിൽ പറയാനാഗ്രഹിച്ച ചരിത്രവും ചന്ത്രക്കാറ

നിൽ സമന്വയിക്കുന്നു. ചില കഥാപാത്രങ്ങൾ എഴുത്തുകാരന്റെ ആത്മാംശത്തെ അവരറിഞ്ഞോ അറിയാതെയോ പേറാറുണ്ട്. അക്കൂട്ടത്തിൽ സി.വിയുടെ ചന്ത്രക്കാറൻ ജാജ്ജ്വല്യമാനതയോടെ വർത്തിക്കുന്നു.

ചുരുക്കത്തിൽ മനുഷ്യമനസ്സിന്റെ സാമൂഹികമാനങ്ങളെക്കുറിച്ച് പഠിച്ച ഴാക്ക് ലക്കാന്റെ ചിന്തകളെ ആധാരമാക്കി, സി.വി. രാമൻപിള്ളയുടെ ചന്ത്രക്കാറൻ എന്ന കഥാപാത്രത്തെ വിലയിരുത്തി സി.വിയുടെ അപരമാണ് ചന്ത്രക്കാറൻ എന്ന് സ്ഥാപിക്കുകയാണ് ഈ പഠനത്തിന്റെ ലക്ഷ്യം.